(എഫ്) ഉണ്ടെങ്കിൽ അനുഭാവപൂർവ്വം ഈ കാര്യം പരിഗണിക്കുമോ ?

ഉത്തരം

(എ) പ്രസ്തുത റോഡുകൾ എല്ലാം 1-3-1996-ലാണ് പി. ഡബ്ലിയു. ഡി. ഏറ്റെടുത്തത്. ഈ റോഡുകൾക്കെല്ലാം 19-3-1996-ൽ ഭരണാനുമതിയും പ്രത്യേകാനുമതിയും നൽകുകയും ചെയ്തു.

(ബി)	*റോഡിന്റെ പേര്*		*ടെൻഡർ ചെയ്ത തീയതി*
1.	മാഞ്ഞമറ്റം കൊഴുവാകുളം റോഡ്	-	26-11-1998, 25-5-1999
2.	താന്നിക്കപ്പെട്ടി എറത്തുപ്പുഴ റോഡ്	-	30-10-1998, 19-1-1999
3.	കുവപ്പൊയ്ക മൂഴൂർ കരിമ്പാനി റോഡ്	-	3-10-1998, 19-11-1998 26-5-1999.
4.	കുറ്റിക്കൽ കങ്ങഴ റോഡ്	-	26-11-1998, 25-5-1999
5.	നെടുങ്കുഴി-കോത്തല റോഡ്	-	26-11-1998, 25-5-1999
6.	പറയർ കുന്ന് -വട്ടകുളം റോഡ്	-	4-1-1999

(സി)

1.	മാഞ്ഞമറ്റം- കൊടുവാകുളം റോഡ്	-	78 ലക്ഷം
2.	താന്നിക്കപ്പെട്ടി എറത്തുപ്പുഴ റോഡ്	-	1,20,56,790 രൂപ
3.	കുവപ്പൊയ്ക മൂഴൂർ കരിമ്പാനി റോഡ്	-	65 ലക്ഷം
4.	കുറ്റിക്കൽ കങ്ങഴ റോഡ്	-	44 ലക്ഷം
5.	നെടുങ്കുഴി-കോത്തല റോഡ്	-	46 ലക്ഷം
6.	പറയർ കുന്ന് -വട്ടകുളം റോഡ്	-	23.90 ലക്ഷം

(ഡി-എഫ്) ഉണ്ട്. പരിശോധിച്ചുവരുന്നു.

പൊതുമരാമത്ത് വകുപ്പിലെ ഡിപ്പാർട്ട്മെന്റ് വർക്കുകൾ

187 (3064) ശ്രീ. ടി. എം. ജേക്കബ് :

ശ്രീ. ജോണിനെല്ലൂർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ;

(എ) പൊതുമരാമത്ത് വകുപ്പിൽ ഡിപ്പാർട്ട്മെന്റലായി ഇപ്പോൾ വർക്കുകൾ നടക്കുന്നുണ്ടോ ;

(ബി) 1999 ഏപ്രിൽ 1 മുതൽ 2000 ഫെബ്രുവരി 29 വരെ 10 ലക്ഷം രൂപയിൽ കൂടുതലുള്ള എത്ര വർക്കുകൾ ഡിപ്പാർട്ടുമെന്റലായി നടത്തിയിട്ടുണ്ട് ; അവ ഏതെല്ലാം ;

LIBRARY ARCHIVES Kerala Legislative Assembly

(സി) എ. എസ്. കൊടുക്കുന്നതിനു മുൻപ് ഏതെല്ലാം വർക്കുകൾ ആരംഭിച്ചിട്ടുണ്ട് ;

(ഡി) എത്ര ലക്ഷം രൂപയ്ക്ക് മുകളിലുള്ള വർക്കുകൾക്കാണ് പൊതുമരാമത്ത് വകുപ്പ് കരാറുകാർ തന്നെ കമ്പിയും സിമന്റും സ്വന്തമായി വാങ്ങണമെന്ന് നിർദ്ദേശിച്ചിട്ടുള്ളത്; പ്രസ്തുത ഗവൺമെന്റ് ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കാമോ ;

(ഇ) ഡിപ്പാർട്ട്മെന്റൽ വർക്കുകൾ നൽകുന്ന രീതിയെക്കുറിച്ചും ഇതിനവലംബിക്കുന്ന നടപടിക്രമങ്ങളെകുറിച്ചും വിശദീകരിക്കുമോ ;

(എഫ്) ഏത് ഉത്തരവിന്റെ അടിസ്ഥാനത്തിലാണ് ഡിപ്പാർട്ട്മെന്റൽ വർക്കുകൾ നടത്തുന്നത്; ഇതിന്റെ പകർപ്പ് മേശപ്പുറത്ത് വയ്ക്കുമോ ;

(ജി) ഡിപ്പാർട്ട്മെന്റൽ വർക്കുകൾ കരാറുകാർക്ക് നൽകുന്നത് കമ്മീഷൻ വഴിയാണോ ;

(എച്ച്) ഡിപ്പാർട്ട്മെന്റൽ വർക്കുകൾ പീസ് വർക്കുകളായി നൽകാറുണ്ടോ ; വിശദാംശം വെളിപ്പെടുത്തുമോ ;

(ഐ) ഏത് വർഷം മുതലാണ് ഡിപ്പാർട്ട്മെന്റൽ വർക്കുകൾ ആരംഭിച്ചത് എന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) കെട്ടിടങ്ങളും പ്രാദേശിക ജോലികളും വിഭാഗത്തിൽ താഴെ പറയുന്ന അഞ്ച് വർക്കുകൾ ഡിപ്പാർട്ട്മെന്റലായി നടത്തിയിട്ടുണ്ട്.

1. തിരുവനന്തപുരത്ത് ചെങ്കൽചൂളയിൽ ഫയർഫോഴ്സ് ഹെഡ് ക്വാർട്ടേഴ്സ് കെട്ടിടസമുച്ചയ നിർമ്മാണം
2. ടൂറിസം ഡിപ്പാർട്ട്മെന്റിനു വേണ്ടി പാർക്ക് വ്യൂ കോമ്പൗണ്ടിൽ പുതിയ കെട്ടിട നിർമ്മാണം
3. മെഡിക്കൽ കോളേജ് കെട്ടിടം, തൃശ്ശൂർ
4. ഗവ: എഞ്ചിനീയറിംഗ് കോളേജ് കെട്ടിട നിർമ്മാണം, കോഴിക്കോട്.
5. കോഴിക്കോട് എഞ്ചിനീയറിംഗ് കോളേജ് തുടങ്ങാൻ വേണ്ടി പോളിടെക്നിക്കിന്റെ പഴയ ഹോസ്റ്റലിന്റെ അറ്റകുറ്റപ്പണി
6. തിരുവനന്തപുരത്ത് സെക്രട്ടേറിയറ്റിന്റെ റിപ്പയർ പണികൾ നിരത്തുകളും പാലങ്ങളും വിഭാഗത്തെ സംബന്ധിച്ച വിവരം ശേഖരിച്ചുവരുന്നു. ദേശീയപാതാ വിഭാഗത്തിന്റെ കീഴിൽ ഡിപ്പാർട്ടുമെന്റലായി ഇപ്പോൾ പണികൾ ഒന്നും നടക്കുന്നില്ല.

(സി) വിവരം ശേഖരിച്ചുവരുന്നു.

LIBRARY ARCHIVES Kerala Legislative Assembly

(ഡി) 19-8-1997-ലെ സർക്കാർ ഉത്തരവ് (പി) നം. 84/97 പൊ.മ.വ. പ്രകാരം 55 ലക്ഷം രൂപയ്ക്ക് മുകളിലുള്ള വർക്കുകൾക്ക് കരാറുകാർ തന്നെ കമ്പിയും സിമന്റും സ്വന്തമായി വാങ്ങണമെന്ന് നിർദ്ദേശിച്ചിട്ടുണ്ട്. പകർപ്പ് അനുബന്ധമായി ചേർത്തിരിക്കുന്നു.†

(ഇ & എഫ്) അടിയന്തിരമായി ചെയ്തു തീർക്കേണ്ട ചെറുതും വലുതുമായ പണികൾ പി. ഡബ്ലിയു. ഡി. കോഡും മാനുവലും അനുസരിച്ച് ഗവൺമെന്റിന്റെ ഉത്തരവിന് വിധേയമായി ഡിപ്പാർട്ട്മെന്റ് നേരിട്ട് ചെയ്യുന്നുണ്ട്.

(ജി & എച്ച്) ഡിപ്പാർട്ട്മെന്റൽ വർക്കുകൾ മത്സരാടിസ്ഥാനത്തിലുള്ള ക്വട്ടേഷൻ മുഖേന പീസ് വർക്കായി നൽകുന്നുണ്ട്.

(ഐ) വിവരം ശേഖരിച്ചു വരുന്നു.

റോഡുകൾക്കും പാലങ്ങൾക്കും നബാർഡ് പദ്ധതി പ്രകാരം ലഭിക്കുന്ന ഫണ്ട്

188 (3065) ശ്രീ. വി. ബാലറാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരളത്തിലെ റോഡുകളും പാലങ്ങളും അനുവദിക്കുന്നതിനായി നബാർഡ് എത്ര ഫണ്ട് അനുവദിച്ചിട്ടുണ്ട് ;

(ബി) നബാർഡിന്റെ ധനസഹായത്തോടുകൂടി സംസ്ഥാനത്ത് എത്ര റോഡുകളുടേയും പാലങ്ങളുടേയും പണി പൂർത്തിയായിട്ടുണ്ട് ;

(സി) എത്ര റോഡുകളും പാലങ്ങളും ഇപ്പോൾ നിർമ്മിച്ചുകൊണ്ടിരിക്കുന്നു; അവയുടെ ഇപ്പോഴത്തെ അവസ്ഥ അറിയിക്കാമോ ;

(ഡി) നിർമ്മിച്ചു കഴിഞ്ഞതും നിർമ്മിച്ചു കൊണ്ടിരിക്കുന്നതുമായ പാലങ്ങൾക്കും റോഡുകൾക്കുമായി നബാർഡിൽ നിന്ന് എത്ര സംഖ്യ ലഭിച്ചിട്ടുണ്ട് ;

(ഇ) നബാർഡ് പദ്ധതി പ്രകാരം പണിത റോഡുകൾക്കും പാലങ്ങൾക്കും കരാറുകാർക്ക് എത്ര രൂപ കുടിശ്ശിക കൊടുക്കാനുണ്ട് എന്ന് വ്യക്തമാക്കാമോ ;

(എഫ്) ഫണ്ട് പദ്ധതി ലഭിച്ചിട്ടും എന്തുകൊണ്ടാണ് കരാറുകാർക്ക് കുടിശ്ശിക തുക കൊടുത്തു തീർക്കാത്തത് ;

(ജി) കരാരുകാർക്ക് കുടിശ്ശിക തുക കൊടുക്കുവാനുള്ളത് ഒരു നിശ്ചിത സമയ പരിധിക്കുള്ളിൽ കൊടുത്തു തീർക്കുവാൻ നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) നബാർഡ് ഈ ഇനത്തിൽ പൊതുമരാമത്ത് വകുപ്പിന് 19,533.19 ലക്ഷം രൂപയുടെ അനുമതി നൽകിയിട്ടുണ്ട്.

† അനുബന്ധം XVI

LIBRARY ARCHIVES Kerala Legislative Assembly